(ബി) പ്രസ്തുത ഹെൽത്ത് സെന്ററിൽ ആവശ്യമായ എല്ലാ തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്താൻ വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. മീനങ്ങാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

197 (2513) ചെറുവത്തൂരിലെ ഗവണ്മെന്റ് പി.എച്ച്.സി. യിൽ തസ്തിക സൃഷ്ടിക്കാൻ നടപടി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെറുവത്തൂരിലെ വി.വി. കുഞ്ഞമ്പു സ്മാരക ഗവണ്മെന്റ് പി.എച്ച്.സി. യിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇതു സംബന്ധിച്ച് കാസർഗോഡ് ഡി.എം.ഒ. യുടെ കത്ത് ഡി.എച്ച്.എസ്. ഓഫീസിൽ എന്നാണ് ലഭിച്ചത് എന്ന് അറിയിക്കുമോ;

(സി) നമ്പർ പി.എൽ.ബി. 3/60351/പി.എച്ച്.എസ്. ഫയലിൽ തീരുമാനമെടുക്കാനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുമോ?

ഉത്തരം

(എ) ജി.ഒ. (എം.എസ്.) 163/99/ആ.കു.വ. പ്രകാരം ഒരു ഹോസ്പിറ്റൽ അറ്റന്ററിന്റെ ഗ്രേഡ്-1 തസ്തിക പ്രസ്തുത പി.എച്ച്.സി. യിൽ അനുവദിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ 1.11.98 ലെ സി.1/463/97 നം. കത്ത് 13.11.98-ൽ ഡി.എച്ച്.എസ്. ആഫീസിൽ ലഭിച്ചു.

(സി) വ്യയനിർണ്ണയ ഉത്തരവ് നിലവിലുള്ളതിനാലാണ് പ്രസ്തുത ഫയലിൽ അന്തിമ തീരുമാനം എടുക്കാത്തത്.

198 (2514) കണല്ലൂർ പി.എച്ച്.സി. സെന്റർ തുറന്ന് പ്രവർത്തിക്കാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ഫ്ളഡ് റിലീഫ് ഫണ്ടും, എം.പി. മാരുടെ ഫണ്ടുകളും ആരോഗ്യവകുപ്പിലെ കോസ്റ്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ ഫണ്ടുകളും ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള കണല്ലൂർ പി.എച്ച്.സെന്റർ തുറന്ന് പ്രവർത്തിപ്പിക്കാതിരിക്കുന്നതിന്റെ കാരണം അറിയിക്കുമോ;

(ബി) ഇവിടെ ആവശ്യമായ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിച്ചിട്ടുണ്ടോ;

(സി) സെന്ററിന് ആവശ്യമായ ഫർണിച്ചറുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ശുദ്ധജല സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly